Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- തൃശ്ശൂർ ജില്ല -കോലഴി ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ നിയമാനുസൃതമല്ലാത്ത തീരുമാനം - കെ പി ആർ ആക്ട് -191(2) -ാം വകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ ഉപദേശത്തിനായി റഫർ ചെയ്തുകൊണ്ടും- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ബി) വകുപ്പ്**

**സ.ഉ (സാധാരണ)നം .43/2013/തസ്വഭവ തിരുവനന്തപുരം, തീയതി 5. 01. 2013**

---

പരാമർശം:- 1) കോലഴി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27.10.11-ലെ 15(1) നമ്പർ തീരുമാനം

2) കോലഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 7.12.11-ലെ എ1-10/11 നമ്പർ കത്ത്

3) തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 11.1.12-ലെ എം1/190/12 നമ്പർ കത്ത്

## ഉത്തരവ്

കോലഴി ഗ്രാമപഞ്ചായത്തിൽ ഫ്ളാറ്റ് നിർമ്മാണത്തിന് അനുമതി നൽകേണ്ടതില്ലെന്ന് പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തു. എന്നാൽ നിയമപ്രകാരം ബിൽഡിംഗ് പെർമിറ്റിന് യഥാസമയം രേഖകൾ ഹാജരാക്കിയാൽ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കേണ്ടത് സെക്രട്ടറിയുടെ ചുമതലയാണെന്നും അപേക്ഷകൾ വാങ്ങാതിരിക്കാനും ബിൽഡിംഗ് പെർമിറ്റ് നൽകാതിരിക്കാനും സാധിക്കുകയില്ലെന്നും സെക്രട്ടറി ഭരണ സമിതിയെ അറിയിച്ചു. ഈ വിഷയത്തിൽ സ്പഷ്ടീകരണം ലഭ്യമാക്കുന്നതിനായി പരാമർശം (2) പ്രകാരം സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഈ വിഷയത്തിൽ തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയരക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. നിയമ പ്രകാരം കെട്ടിട നിർമ്മാണാപേക്ഷ സമർപ്പിക്കുന്നപക്ഷം നിർമ്മാണാനുമതി നൽകുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ബാധ്യതയുണ്ടെന്നും നിയമാനുസൃതം നൽകുന്ന കെട്ടിട നിർമ്മാണാപേക്ഷ നിരസിക്കുവാൻ സെക്രട്ടറിക്ക് നിയമപ്രകാരം കഴിയില്ലെന്നും ഫ്ളാറ്റ് നിർമ്മാണം നിരോധിച്ചു കൊണ്ടുള്ള കോലഴി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം അനുചിതവും നിയമ സാധുതയില്ലാത്തതാണെന്നും പരാമർശം (3) പ്രകാരം തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോലഴി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് ആക്ട് 191(2) -ാം വകുപ്പിൽ അനുശാസിക്കുന്ന നടപടി ആവശ്യമാണെന്ന് കണ്ടെത്തി.

4. മേൽ സാഹചര്യത്തിൽ കോലഴി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശം (1) പ്രകാരമുള്ള തീരുമാനത്തിൻമേൽ ഉപദേശം നൽകുന്നതിനായി പ്രസ്തുത തീരുമാനം കേരള പഞ്ചായത്ത് രാജ് ആക്ട് 191(2) -ാം പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

ഉത്തരവിൻ പ്രകാരം
രാജൻ ഖോബ്രഗഡെ
ഗവൺമെൻറ് സെക്രട്ടറി

ബഹു: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള
ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, മൂന്നാം നില
യൂണിവേഴ്സിറ്റി പി. ഒ. പാളയം
സെക്രട്ടറി, കോലഴി ഗ്രാമപഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ